ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്

513 [713] ശ്രീ. ജി. വരദൻ :
,, വർക്കല രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിലെ ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിന്റെ നടത്തിപ്പിൽ അഴിമതി നടന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അത്തരം അഴിമതികൾ ആവർത്തിക്കാതിരിക്കാൻ എന്തു നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട് ;

(സി) ഈ വർഷത്തെ കോഴ്സിന് പ്രവേശനം നേടിയവർ ഏതേത് ഗ്രന്ഥശാലകളിൽ പ്രവർത്തിക്കുന്നവരാണെന്ന വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു. †

പുതിയ വിദ്യാഭ്യാസ ജില്ലകൾ

514 [715] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണപരമായ ആവശ്യം കണക്കിലെടുത്ത് തീരുമാനിക്കുന്നതാണ്.

പീരുമേട് എ. ഇ. ഒ. യുടെ കീഴിലുള്ള ഗിരിജൻ സ്കൂളുകൾക്ക് സ്ഥിരം കെട്ടിടം ഉണ്ടാക്കാൻ നടപടി

515 [716] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് എ. ഇ. ഒ. യുടെ കീഴിലുള്ള ഗിരിജൻ സ്കൂളുകളായ കുറവിപ്പാങ്ങാട്, വഞ്ചിവയൽ എന്നിവയ്ക്ക് സ്ഥിരം കെട്ടിടം ഇല്ലെന്നും ഇപ്പോൾ ഉള്ള കെട്ടിടം തകർന്നു വീഴാറായതാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന്റെ കാലതാമസം വ്യക്തമാക്കാമോ ;

(സി) കെട്ടിടം നിർമ്മിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

† അനുബന്ധം VIII.

LIBRARY ARCHIVES Kerala Legislative Assembly